DESPATCHED
On..3/2/2022

24/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2838(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **17318**/എസ്.ഐ.സി-ജി 6/2014)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രഘുദാസ് എസ്.ജി.,
S/o കെ.എൻ.ഗോപാലൻകുട്ടി,
ഏലംകുളം, കിഴക്കുംപുറം, മണ്ണൂർ,
പാലക്കാട് – 678 642.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സ്പെഷ്യൽ തഹസിൽദാർ,
ഭൂപരിഷ്ക്കരണ പ്രത്യേക തഹസിൽദാരുടെ
കാര്യാലയം, പാലക്കാട്.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കളക്ടർ(ഭൂപരിഷ്ക്കരണം),
കളക്ടറേറ്റ്, പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.05.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.06.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.07.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.11.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.11.2014 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രഘുദാസ് എസ്.ജി., 07.11.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 10.11.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2838(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പ്രസ്തുത ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചതെന്നും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ആയതിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.05.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 1990–ലെ 84–ാം നമ്പർ സ്വമേധയായുള്ള നടപടിയിന്മേൽ ക്രയസർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണെന്നും

2) മേൽ ചോദ്യത്തിൽ പ്രസ്താവിച്ച നടപടിയുടെ ഭാഗമായി ഏതെങ്കിലും വിധത്തിലുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാമാണെന്നും റിപ്പോർട്ടുകളുടെ പകർപ്പ് അനുവദിച്ച് നൽകണമെന്നും

3) ഒന്നാം ചോദ്യത്തിൽ പ്രസ്താവിച്ച സ്വമേധയായുള്ള നടപടിയിന്മേൽ ക്രയസർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നതിനുണ്ടായ ഉത്തരവിന്റെ പകർപ്പ്/പകർപ്പുകൾ അനുവദിച്ച് നൽകണമെന്നും

4) ഒന്നാം ചോദ്യത്തിൽ പ്രസ്താവിച്ച സ്വമേധയായുള്ള നടപടിയിന്മേൽ ക്രയസർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള

നടപടികളിന്മേൽ പരിശോധനയ്ക്ക് വിധേയമാക്കിയ രേഖകൾ എന്തെല്ലാമെന്നും അവയുടെ പകർപ്പുകൾ അനുവദിച്ച് നൽകണമെന്നും

5) മേൽ പ്രസ്താവിച്ച സ്വമേധയായുള്ള നടപടിയിന്മേൽ ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്റെ ഭാഗമായി ക്രയവില നിശ്ചയിച്ചിരുന്നോയെന്നും ആയത് എത്രയാണെന്നും ടി സംഖ്യ അടച്ച തീയതി, ക്രയവില അടച്ചതിന് നൽകിയ രസീതിന്റെ പകർപ്പ് അനുവദിച്ച് നൽകണമെന്നുമാണ്.

ആയതിന് 14.05.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ വിവരം ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട പാലക്കാട് ലാന്റ് ട്രൈബ്യൂണലിലെ എസ്.എം.84/1990 നമ്പർ ഫയൽ ടി കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം നൽകുവാൻ നിർവ്വാഹമില്ലെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 30.07.2014ൽ അപ്പീൽ അധികാരി നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ടി കാര്യാലയത്തിൽ നിന്നും പാലക്കാട് ലാന്റ് ട്രൈബ്യൂണലിലെ എസ്.എം.84/1990 നമ്പർ പട്ടയ ഫയൽ ലഭ്യമല്ലാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം നൽകാൻ നിർവ്വാഹമില്ലാത്തതായി അറിയിച്ചിരുന്നുവെന്നും എന്നാൽ ടി മറുപടിയിന്മേൽ ഹർജിക്കാരൻ സമർപ്പിച്ചിരുന്ന അപ്പീൽ പരിഗണിച്ച് ഒരിക്കൽ കൂടി ലഭ്യമാണോയെന്ന് പരിശോധിക്കുവാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി ഫയൽ സംബന്ധിച്ച് ഈ കാര്യാലയത്തിന്റെ റിക്കാർഡിൽ വിശദമായി പരിശോധന നടത്തിയതിൽ പ്രസ്തുത ഫയൽ ലഭ്യമായിട്ടില്ലാത്തതാണെന്നും ടി സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം നൽകുവാൻ നിർവ്വാഹമില്ലെന്ന വിവരം ഒരിക്കൽ കൂടി അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. 19.12.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ നടപടി സ്വീകരിക്കുകയും പാലക്കാട് ലാന്റ് ട്രൈബ്യൂണലിലെ SM 84/1990 നമ്പർ പട്ടയപകർപ്പ് ആവശ്യപ്പെട്ടതിനെ സംബന്ധിച്ച്

വിശദമായ റിപ്പോർട്ട് 7 ദിവസത്തിനകം സമർപ്പിക്കുവാൻ 21.07.2014ന് എസ്.പി.ഐ.ഒ., സ്പെഷ്യൽ തഹസിൽദാർ(ഭൂപരിഷ്ക്കരണം), പാലക്കാടിനോട് ആവശ്യപ്പെട്ടതുപ്രകാരം 30.07.2014ന് സി–2–1710/14 നമ്പർ കത്തു പ്രകാരം പാലക്കാട് ലാന്റ് ട്രൈബ്യൂണലിലെ SM 84/1990 നമ്പർ പട്ടയ ഫയലിനു വേണ്ടി റിക്കാർഡിൽ വിശദമായ പരിശോധന നടത്തിയെങ്കിലും ഫയൽ കണ്ടെത്താനായില്ല എന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ആയതു പ്രകാരം 28.11.2014ന് എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്ത വിവരം ഹർജിക്കാരനെ അറിയിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയ ബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച ഫയൽ ലഭ്യമല്ലെന്ന മറുപടിയാണ് ടിയാന് നൽകിയതെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഓഫീസ് ഉത്തരവു പ്രകാരം ഒരു ടീം രൂപീകരിച്ച് തെരഞ്ഞ് കണ്ടുപിടിച്ച് രണ്ടു മാസത്തിനകം മറുപടി നൽകണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 24–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION THIRUVANANTHAPURAM